# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3736 — 14.03.2017 — ൽ മറുപടിക്ക്

## റേഷൻ കടകൾ വഴിയുള്ള അരി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകൾ വഴിയുള്ള അരി വിതരണം കൃത്യമായി ഓരോ മാസവും നടത്താൻ കഴിഞ്ഞിട്ടുണ്ടോ ; വിതരണം തടസ്സപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ? | (എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയില്ലെന്ന കാരണത്താൽ സംസ്ഥാനത്തിന് എ.പി.എൽ നിരക്കിൽ ലഭ്യമായിരുന്ന ഭക്ഷ്യ ധാന്യങ്ങൾക്ക് 2016 നവംബർ മുതൽ താങ്ങുവില നിരക്ക് ഈടാക്കിക്കൊണ്ടും 2016 ജൂൺ വരെ നൽകി വന്നിരുന്ന എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ അധിക അലോട്ട്മെന്റ് (അഡ്ഹോക്ക്) പഴയ അളവിൽ ഇനിമേൽ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചും കൊണ്ടുള്ള കേന്ദ്ര സർക്കാർ ഉത്തരവ് ലഭ്യമാകുകയും ഇതിനെ തുടർന്ന് കേന്ദ്ര സർക്കാർ ഉത്തരവ് പ്രകാരമുള്ള കൂടിയ നിരക്ക് ഒടുക്കിയെങ്കിൽ മാത്രമേ എ.പി.എൽ. വിഭാഗത്തിനുള്ള ഭക്ഷ്യ ധാന്യങ്ങൾ എഫ്.സി.ഐ.യിൽ നിന്ന് വിട്ടു നൽകുകയുള്ളൂ എന്ന് എഫ്.സി.ഐ. നിലപാട് സ്വീകരിക്കുകയും കൂടാതെ എഫ്.സി.ഐ. തൊഴിലാളികളുടെ പണിമുടക്കും എഫ്.സി.ഐ. അധികൃതരുടെ നിസ്സഹരണ മനോഭാവവും 2016 നവംബർ, ഡിസംബർ ക്വാട്ടകളിലെ ഭക്ഷ്യ ധാന്യങ്ങളുടെ വിട്ടെടുപ്പിൽ കാലതാമസം ഉണ്ടാക്കി.<br>ഭക്ഷ്യ ഭദ്രതാ നിയമം 2016 നവംബർ മുതൽ സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ചതിനെ തുടർന്നും സർക്കാരിന്റെ സമയോചിതമായ മറ്റ് ഇടപെടലുകളെ തുടർന്നും ഭക്ഷ്യ ധാന്യങ്ങളുടെ വിതരണം സാധാരണ നിലയിൽ പുന:സ്ഥാപിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ നവംബർ മാസത്തെ റേഷൻ വിതരണം (അരി, ഗോതമ്പ്) 31.12.2016 വരെയും ഡിസംബർ മാസത്തെ റേഷൻ വിതരണം 14.01.2017 വരെയും ദീർഘിപ്പിച്ച് നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ